**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകിയതിന്റെ തുക കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതികളും ഇതുമൂലം പ്രധാന അധ്യാപകർ നേരിടുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിനാലാണ് കേന്ദ്രഫണ്ട് വൈകിയ സാഹചര്യത്തിൽ 16.01.2025 തീയതിയിലെ ജി.ഒ (ആർ.ടി) നമ്പർ 462/2025/ പൊ.വി.വ മുഖേന സംസ്ഥാന സർക്കാർ കുടിശ്ശികയായി വിതരണം ചെയ്യുവാനുണ്ടായിരുന്ന ഒക്ടോബർ, നവംബർ മാസത്തെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ കേന്ദ്രവിഹിതവും സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ സംസ്ഥാന വിഹിതവും അനുവദിച്ചത്. |
| (ബി) | ഉച്ചഭക്ഷണം നൽകിയ വകയിൽ കുടിശ്ശികയായിട്ടുള്ള നാല് മാസത്തെ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | (ബി) | 2024 നവംബർ വരെയുള്ള ഉച്ച ഭക്ഷണ പദ്ധതിയിലെ മെറ്റീരിയൽ കോസ്റ്റിലെ കേന്ദ്ര - സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും 16/01/2025 ൽ റിലീസ് ചെയ്ത 48 കോടി രൂപ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ക്രെഡിറ്റ് ആയാലുടൻ ഡിസംബർ മാസത്തെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും വിതരണം ചെയ്യുന്നതാണ് . |
| (സി) | സ്കൂൾ പാചക തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പാചകത്തൊഴിലാളികളുടെ 2024 ആഗസ്റ്റ് വരെയുള്ള മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള പാചകത്തൊഴിലാളികളുടെ ഓണറേറിയവും ഇതിനോടകം തന്നെ വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/. രൂപ വീതവും, ഡിസംബർ മാസത്തെ മുഴുവൻ ഓണറേറിയവുമാണ് നിലവിൽ കുടിശ്ശികയായി വിതരണം ചെയ്യുവാൻ ഉള്ളത്. കേന്ദ്ര സർക്കാർ റിലീസ് ചെയ്ത നടപ്പ് വർഷത്തെ ആദ്യ ഗഡുവിന്റെ ബാലൻസ് തുക പൊതുവിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ഡയറക്ടറുടെ പി എഫ് എം എസ് സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്രെഡിറ്റ് ആയാലുടൻ സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കേന്ദ്രമാനദണ്ഡ പ്രകാരമുള്ള പ്രതിമാസ 1000/- രൂപ വിതരണം ചെയ്യുന്നതാണ്. ഡിസംബർ മാസത്തെ സംസ്ഥാന അധിക വിഹിതത്തിൽ നിന്നുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ